കുന്ദമംഗലം നിയോജകമണ്ഡലത്തിലെ കുറ്റിക്കാട്ടൂർ ഗവൺമെന്റ് ഹൈസ്കൂളിൽ പ്ലസ് ടുവിന്റെ ഒരു ബാച്ച് അനുവദിക്കാൻ നടപടി

106 [5770] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ കുറ്റിക്കാട്ടൂർ ഗവൺമെന്റ് ഹൈസ്കൂളിൽ പ്ലസ് ടുവിന്റെ ഒരു ബാച്ച് കൂടി അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇനി എന്നത്തേയ്ക്ക് ഈ അധിക ബാച്ച് ഈ സ്കൂളിൽ നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച് വിവിധ വശങ്ങൾ പരിശോധിച്ചു വരുന്നതേയുള്ളൂ.

കാസർഗോഡ് ജില്ലയിലെ മാലോം ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന തിരിമറി

107 [5771] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മാലോം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ഒരു അദ്ധ്യാപികയുടെ തസ്തിക നിലനിർത്തുന്നതിനായി ബളാൽ ഗവൺമെന്റ് ഹൈസ്കൂളിൽ നിന്നും 8 വിദ്യാർത്ഥികളുടെ വിടുതൽ സർട്ടിഫിക്കറ്റ് എഴുതി വാങ്ങി, മാലോം ജി.എച്ച്.എസ്.എസ്.-ൽ ചേർത്തതായി കാണിക്കുകയും, എന്നാൽ ഈ കുട്ടികൾ ബളാൽ ജി.എച്ച്.എസ്.എസ്.-ൽ തന്നെ ക്ലാസ്സിൽ ഹാജരായിക്കൊണ്ടിരിക്കുകയും ഒരു മാസത്തിനു ശേഷം ഇതേ കുട്ടികൾ മാലോം ജി.എച്ച്.എസ്.എസ്.-ൽ നിന്നും ടി.സി. വാങ്ങി ബളാൽ ജി.എച്ച്.എസ്.എസ്.-ൽ ചേർന്നതായി രേഖപ്പെടുത്തുകയും ചെയ്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പത്രമാധ്യമങ്ങളിലും, സ്കൂൾ പി.ടി.എ.കളുടെ യോഗങ്ങളിലും ചർച്ചാ വിഷയമായിത്തീർന്ന ഈ സംഭവം സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിയമാനുസൃതമല്ലാതെ അനുവദിച്ച തസ്തിക റദ്ദാക്കുകയും സംഭവത്തിന് ഉത്തരവാദികളായവരുടെ പേരിൽ നടപടിയാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly